# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1538

11.2.2013-ൽ മറുപടിക്ക്

## കിടാരി വിതരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2012 - 13 സാമ്പത്തിക വർഷം ക്ഷീര കർഷകർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള കിടാരി വിതരണ പദ്ധതിക്ക് ആലപ്പുഴ ജില്ലാ ക്ഷീര വികസന ആഫീസിൽ നിന്നും അനുവാദം നൽകാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2012 - 13 വർഷത്തേയ്ക്ക് തയ്യാറാക്കിയ വനിത എസ്. എച്ച്.ജി / കുടുംബശ്രീ യൂണിറ്റുകൾക്ക് കിടാരി വളർത്തൽ പദ്ധതിക്ക് (പ്രോജക്ട് നം. 0013/13) താഴെപ്പറയുന്ന കാരണങ്ങളാൽ അനുമതി നൽകിയിട്ടില്ല.<br>പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 172 (1) ലെ നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മൃഗസംരക്ഷണ ഡയറി വകുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ<br>എ) വെറ്റിനറി പോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.<br>ബി) മൃഗസംരക്ഷണത്തിൽ വിദഗ്ധ സേവനം നൽകുക<br>സി) കന്നുകാലി, കോഴി പ്രദർശനങ്ങൾ നടത്തുക. എന്നിവയാണ്.<br>തദ്ദേശസ്വയംഭരണ വകുപ്പിന്റെ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലും വനിതാ ഗ്രൂപ്പുകൾക്ക് കിടാരി വളർത്തൽ പദ്ധതിക്ക് പ്ലാൻ ഫണ്ട് നൽകുന്നതിന് വ്യവസ്ഥയില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിൽ സബ്സിഡി നൽകുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്നും ടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.<br>മേൽ സാഹചര്യത്തിലാണ് പ്രോജക്ടിന് അംഗീകാരം നൽകാൻ കഴിയാതിരുന്നത്. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) പ്രോജക്റ്റ് ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. |
| (സി) കേന്ദ്ര ഗവൺമെന്റിന്റെ എസ്.ജി. എസ്.വൈ പദ്ധതി മാനദണ്ഡ പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പദ്ധതിക്ക് മുൻകാലങ്ങളിൽ അനുമതി ലഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ക്ഷീര വികസന വകുപ്പിനെ സംബന്ധിച്ച് പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.